## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **11-10-2024 - ൽ മറുപടിയ്ക്ക്**

## യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണത്തിന്റ ഭാഗമായി 2016 ജനുവരി 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കുടിശിക അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ടോ; | (എ) | 2016 ജനുവരി 1 മുതൽ 2019 മാർച്ച് 31 വരെയുള്ള യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണ കുടിശിക സംസ്ഥാനത്തെ അദ്ധ്യാപകർക്ക് നൽകിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ എത്ര രൂപയാണ് ഈ ഇനത്തിൽ നൽകിയത്; എന്നാണ് നൽകിയത്; അതിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയാണ്; കേന്ദ്ര സർക്കാർ വിഹിതം എത്രയാണ്; വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത കുടിശിക നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ; | (സി) | യു.ജി.സി യുടെ 7th ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ഡി) | കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ പറഞ്ഞിരുന്ന റീ ഇമ്പേഴ്സ്മെന്റ് സ്കീം പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന തീയതി എന്നായിരുന്നു; പ്രസ്തുത തീയതിക്കുള്ളിൽ കുടിശിക വിതരണം ചെയ്തിരുന്നോ; വിശദമാക്കാമോ; | (ഡി) | യു.ജി.സി യുടെ 7th ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശികയുടെ 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിനു പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള തീയതിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്നത് 31.03.2019 ആയിരുന്നു. പ്രസ്തുത തീയതി 31.03.2022 വരെ നീട്ടി നൽകുകയുണ്ടായി. കേരള സർക്കാർ സമയ പരിധിക്കുള്ളിൽ കൃത്യമായ പ്രൊപോസൽ സമർപ്പിച്ചിരുന്നു. ഏഴാം യുജിസി ശമ്പള പരിഷ്കരണ പ്രകാരം കോളേജ് അധ്യാപകർക്ക് നൽകേണ്ടതായ കുടിശിക ആകെ **1501,86,61,176/-** രൂപ (ആയിരത്തി അഞ്ഞൂറ്റിഒന്നുകോടി എൺപത്തിആറ് ലക്ഷത്തി അറുപത്തൊന്നായിരത്തി ഒരുന്നൂറ്റി എഴുപത്തിയാറു രൂപമാത്രം) ആണ്. അതിൽ കേന്ദ്രവിഹിതമായ **750,93,30,588/-** രൂപ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. |
| (ഇ) | ഇത് സംബന്ധിച്ച തീയതി കേന്ദ്ര സർക്കാർ നീട്ടി നൽകിയിട്ടുണ്ടോ; അവസാന തീയതിക്കുള്ളിൽ | (ഇ) | മറുപടി (ഡി) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | കുടിശിക നൽകുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നില്ലേ; വിശദമാക്കാമോ; | | |
| (എഫ്) | യു.ജി.സി. ശമ്പളപരിഷ്കരണ കുടിശിക വിതരണം ചെയ്ത ഇനത്തിൽ സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽ നിന്നും തുക എന്തെങ്കിലും ലഭിക്കാനുണ്ടോ; വിശദമാക്കാമോ? | (എഫ്) | മറുപടി (ഡി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ